**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **10-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രി/ സർക്കാർ ആയുർവേദ ഡിസ്പെൻസറി/എൻ.എച്ച്.എം. ഡിസ്പെൻസറികളുടെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്ന് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഓരോ കേന്ദ്രത്തിലും ഏതെല്ലാം തസ്തികകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ ഭാരതീയ ചികിത്സാ വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളിലും പാലിയേറ്റ് കെയർ "അരികെ" പദ്ധതി നടപ്പിലാക്കി വരുന്നു. അതുപോലെ എല്ലാ സ്ഥാപനങ്ങൾ വഴി NCD ക്ലിനിക്കുകൾ 2023 മുതൽ പ്രവർത്തിച്ചു വരുന്നു. ആശുപത്രികളിൽ ഒ.പി./ഐ.പി. ചികിത്സയും ഡിസ്പെൻസറികളിൽ ഒ.പി. ചികിത്സയും ലഭ്യമാണ്. മറ്റു വിശദാംശങ്ങളും തസ്തിക സംബന്ധിച്ച വിവരവും അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ സർക്കാർ ആയുർവേദ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും വിശദമാക്കാമോ? | (സി) | അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികൾ

1. ഗവ. ആയുർവേദ ആശുപത്രി, പാലോട് (പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്)
2. ഗവ. ആയുർവേദ ആശുപത്രി, നെടുമങ്ങാട് (ആനാട് ഗ്രാമപഞ്ചായത്ത്)

വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ

1. ഗവ. ആയുർവേദ ഡിസ്പെൻസറി, കല്ലറ (കല്ലറ ഗ്രാമപഞ്ചായത്ത്)
2. ഗവ. ആയുർവേദ ഡിസ്പെൻസറി, പുല്ലമ്പാറ (പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്)
3. ഗവ. ആയുർവേദ ഡിസ്പെൻസറി, വെഞ്ഞാറമൂട് (നെല്ലനാട് ഗ്രാമപഞ്ചായത്ത്)
4. ഗവ ആയുർേവദ ഡിസ്പെൻസറി, വാമനപുരം (വാമനപുരം ഗ്രാമപഞ്ചായത്ത്)

വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എൻ.എച്ച്.എം. ഡിസ്പെൻസറികൾ

1. എൻ.എച്ച്.എം. ഡിസ്പെൻസറി ഭരതന്നൂർ (പാങ്ങോട് ഗ്രാമപഞ്ചായത്ത്)
2. എൻ.എച്ച്.എം. ഡിസ്പെൻസറി, പേരയം (നന്ദിയോട് ഗ്രാമപഞ്ചായത്ത്)
3. എൻ.എച്ച്.എം. ഡിസ്പെൻസറി, പനവൂർ (പനവൂർ ഗ്രാമപഞ്ചായത്ത്)

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| ക്രമ നം. | സർക്കാർ ആയുർവേദ ആശുപത്രി/ ഡിസ്പെൻസറി | തസ്തികകൾ | അധികമായി നൽകുന്ന സേവനങ്ങൾ |
|---|---|---|---|
| 1 | സർക്കാർ ആയുർവേദ ആശുപത്രി, പാലോട് (30 ബെഡ്) | മെഡിക്കൽ ഓഫീസർ 2<br>ഫാർമസിസ്റ്റ് 1<br>നഴ്സ് 2<br>അറ്റൻഡർ 1<br>നഴ്സിംഗ് അസിസ്റ്റന്റ് 1<br>തെറാപ്പിസ്റ്റ് 1<br>കുക്ക് 1<br>സാനിറ്റേഷൻ വർക്കർ 1 | പ്ലാൻ വിഭാഗത്തിൽ പഞ്ചകർമ്മ ചികിത്സ സൗകര്യവും ലഭ്യമാണ് |
| 2 | സർക്കാർ ആയുർവേദ ആശുപത്രി, നെടുമങ്ങാട് (25 ബെഡ്) | ചീഫ് മെഡിക്കൽ ഓഫീസർ 1<br>മെഡിക്കൽ ഓഫീസർ 1<br>മെഡിക്കൽ ഓഫീസർ (മർമ്മ) 1<br>മെഡിക്കൽ ഓഫീസർ (വിഷ) 1<br>ഫാർമസിസ്റ്റ് 1<br>ക്ലാർക്ക് 1<br>നഴ്സ് 2<br>ആയുർവേദ തെറാപ്പിസ്റ്റ് 2<br>അറ്റൻഡർ 1<br>നഴ്സിംഗ് അസിസ്റ്റന്റ് 4<br>കുക്ക് 1<br>സാനിറ്റേഷൻ വർക്കർ 1<br>പാർട്ട് ടൈം സ്വീപ്പർ 1 | നെടുമങ്ങാട് ആയുർവേദ ആശുപത്രിയിൽ മർമ്മ സ്പെഷ്യലിസ്റ്റ്-വിഷ സ്പെഷ്യലിസ്റ്റ് ചികിത്സ ജനറൽ മെഡിസിൻ എന്നിവയും മാനസികം, പ്രസൂതി എന്നീ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും സേവനം ഒ.പി.-യിലും ഐ.പി. യിലും ലഭ്യമാണ്. പഞ്ചകർമ്മ ചികിത്സാ വിധികൾ അനുസരിച്ചുള്ള എല്ലാ വിധ ചികിത്സാ ക്രമങ്ങളും ഐ.പി.യിൽ ലഭ്യമാണ്. പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാനസിക വിഭാഗവും പ്രവർത്തിച്ചു വരുന്നു. |
| 3 | സർക്കാർ ആയുർവേദ ഡിസ്പെൻസറി, കല്ലറ | മെഡിക്കൽ ഓഫീസർ 1<br>ഫാർമസിസ്റ്റ് 1<br>അറ്റൻഡർ 1<br>കാഷ്വൽ സ്വീപ്പർ 1 | യോഗ പരിശീലനം നൽകുന്നു. രോഗ പ്രതിരോധ പ്രവർത്തനം നടത്തുന്നു. |
| 4 | സർക്കാർ ആയുർവേദ ഡിസ്പെൻസറി, പുല്ലമ്പാറ | മെഡിക്കൽ ഓഫീസർ 1<br>ഫാർമസിസ്റ്റ് 1 | വൃദ്ധജനരോഗ പ്രതിരോധ ചികിത്സ |

| | | | |
|---|---|---|---|
| | | അറ്റൻഡർ 1<br>പാർട്ട് ടൈം സ്വീപ്പർ 1 | ഹർഷം പദ്ധതി (നാഷണൽ ആയുഷ് മിഷന്റെ മാനസികാരോഗ്യ സംരക്ഷണ സ്പെഷ്യൽ ഒ.പി.) |
| 5 | സർക്കാർ ആയുർവേദ ഡിസ്പെൻസറി, വെഞ്ഞാറമ്മൂട് | മെഡിക്കൽ ഓഫീസർ 1<br>ഫാർമസിസ്റ്റ് 1<br>അറ്റൻഡർ 1<br>പാർട്ട് ടൈം സ്വീപ്പർ 1 | വൃദ്ധജനപരിപാലന പദ്ധതി<br>പാലിയേറ്റീവ് കെയർ പദ്ധതി<br>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മെഡിക്കൽ ക്യാമ്പ്, ബോധവത്കരണ ക്ലാസുകൾ |
| 6 | സർക്കാർ ആയുർവേദ ഡിസ്പെൻസറി, വാമനപുരം | മെഡിക്കൽ ഓഫീസർ 1<br>ഫാർമസിസ്റ്റ് 1<br>അറ്റൻഡർ 1<br>പാർട്ട് ടൈം സ്വീപ്പർ 1<br>(ദിവസവേതനം) | പ്രസൂതി പ്രോജക്ട് - പ്രസവ രക്ഷാമരുന്നുകൾ ലഭ്യമാക്കുന്നത് (അമ്മയ്ക്കും കുഞ്ഞിനും)<br>സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വിളർച്ചാരോഗ നിർണ്ണയം ചികിത്സയും മരുന്നും ലഭ്യമാക്കുന്നു.<br>പകർച്ചവ്യാധി പ്രതിരോധവും ചികിത്സയും<br>എല്ലാ വെള്ളിയാഴ്ചകളിലും RGCB ലാബ് സൗകര്യം ലഭ്യമാക്കുന്നുണ്ട്. |

**എൻ.എച്ച്.എം. സ്ഥാപനങ്ങളിലെ തസ്തികകളുടെ വിവരം**

| ക്രമ നം. | സർക്കാർ ആയുർവേദ ആശുപത്രി/ ഡിസ്പെൻസറി | തസ്തികകൾ | അധികമായി നൽകുന്ന സേവനങ്ങൾ |
|---|---|---|---|
| 1 | എൻ.എച്ച്.എം. ഡിസ്പെൻസറി, ഭരതന്നൂർ | മെഡിക്കൽ ഓഫീസർ 1<br>ഫാർമസിസ്റ്റ് 1<br>പാർട്ട് ടൈം സ്വീപ്പർ 1 | യോഗ പരിശീലനം നൽകുന്നു.<br>രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു |
| 2 | എൻ.എച്ച്.എം. ഡിസ്പെൻസറി, പേരയം | മെഡിക്കൽ ഓഫീസർ 1<br>പാർട്ട് ടൈം സ്വീപ്പർ 1 | യോഗ പരിശീലനം നൽകുന്നു.<br>രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു |
| 3 | എൻ.എച്ച്.എം. ഡിസ്പെൻസറി, പനവൂർ | മെഡിക്കൽ ഓഫീസർ 1<br>അറ്റൻഡർ 1 | യോഗ പരിശീലനം നൽകുന്നു.<br>രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം 3**

| ക്രമ നം. | സർക്കാർ ആയുർവേദ ആശുപത്രി/ഡിസ്പെൻസറിയുടെ പേര് | പദ്ധതിയുടെ പേര്/ അനുവദിച്ച തുക |
|---|---|---|
| 1 | സർക്കാർ ആയുർവേദ ആശുപത്രി, പാലോട് | സർക്കാർ ആയുർവേദ ആശുപത്രി പാലോടിലെ ജനറൽ വാർഡ് നിർമ്മാണത്തിനായി മൂന്നാം ഘട്ടം 2021-22 സാമ്പത്തിക വർഷം 8.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് താഴത്തെ നിലയുടെ പണി പൂർത്തിയായി, ഒന്നാം നിലയുടെ ചുവരുകളുടെ പണി പൂർത്തിയായി. 2022-23 സാമ്പത്തിക വർഷം പാലോട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32438 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചിട്ടുണ്ട്. |
| 2 | ഗവ. ആയുർവേദ ആശുപത്രി, നെടുമങ്ങാട് | 2022-23 സാമ്പത്തിക വർഷം നെടുമങ്ങാട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32,438 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചിട്ടുണ്ട്. |
| 3 | ഗവ. ആയുർവേദ ഡിസ്പെൻസറി, പുല്ലമ്പാറ | പുല്ലമ്പാറ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ട്രീറ്റ്മെന്റ് റൂമിന്റേയും, കൺസൽട്ടേഷൻ റൂമിന്റേയും ഒരു സ്റ്റോർ റൂം റെക്കോർഡ് റൂം പണിയുന്നതിനും 11.20 ലക്ഷം രൂപ 2021-22 കാലയളവിൽ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>ഗവ. ആയുർവേദ ഡിസ്പെൻസറി പുല്ലമ്പാറ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി അപ്ഗ്രേഡ് ചെയ്യുതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ പ്രസ്തുത പഞ്ചായത്തിന് നാഷണൽ ആയുഷ് മിഷൻ നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചെലവിനത്തിൽ ലഭിക്കുന്നതാണ്. |

| | | |
|---|---|---|
| 4 | ഗവ. ആയുർവേദ ഡിസ്പെൻസറി, കല്ലറ | 1. മെയിന്റനൻസ് നോൺ റോഡ് (2021-22) ഫണ്ട്, കല്ലറ ഗ്രാമപഞ്ചായത്ത് മുഖേന ഡിസ്പെൻസറി സംരക്ഷണ ഭിത്തി നിർമ്മാണം, കെട്ടിട നവീകരണം എന്നിവയ്ക്കായി 564000/- രൂപ അനുവദിക്കുകയും ടി പ്രവൃത്തി 2021-22, 2022-23 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.<br>2. നാഷണൽ ആയുഷ് മിഷനിൽ നിന്നും ആയുർവേദ ഡിസ്പെൻസറിയിൽ യോഗ ഹാൾ നിർമ്മിക്കാൻ 4,50,000/- രൂപ 2023-24 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഗവ. ആയുർവേദ ഡിസ്പെൻസറി കല്ലറ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി അപ്ഗ്രേഡ് ചെയ്യതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ പ്രസ്തുത പഞ്ചായത്തിന് നാഷണൽ ആയുഷ് മിഷൻ നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചെലവിനത്തിൽ ലഭിക്കുന്നതാണ്. |
| 5 | ഗവ. ആയുർവേദ ഡിസ്പെൻസറി, വെഞ്ഞാറമൂട് | മെയിന്റനൻസ് നോൺ റോഡ് ഫണ്ട് മുഖേന വെഞ്ഞാറമൂട് ഗവ. ആയുർവേദ ഡിസ്പെൻസറിയ്ക്ക് കൺസൾട്ടേഷൻ റൂം നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷം 2,00,000/- രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ